പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3853** **11/11/2019-ൽ മറുപടിക്ക്**

**ആയുഷ്യം പദ്ധതി**

**ചോദ്യം**
ശ്രീ.സി. കെ. ശശീന്ദ്രൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആയുഷ്യം പദ്ധതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) | ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തിലൂടെ ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് ആയുഷ്യം. പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, അമിതവണ്ണം തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുക എന്നുള്ളതാണ് 'ആയുഷ്യം' പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും, മെഡിക്കൽ ക്യാമ്പുകൾ വഴി സ്ക്രീനിംഗ് നടത്തി രോഗികളെ തെരഞ്ഞെടുക്കുകയും രക്തപരിശോധനയിലൂടെ രോഗാവസ്ഥ തീർച്ചപ്പെടുത്തുകയും ഓരോ രോഗികൾക്കും അവരുടെ രോഗാവസ്ഥയ്ക്കനുസരിച്ചുള്ള മരുന്നുകൾ നൽകുകയും 10 ദിവസം കൂടുമ്പോൾ തുടർ പരിശോധന നടത്തുകയും പ്രാണായാമ പോലുള്ള യോഗാസനങ്ങൾ രോഗികൾക്കായി നിർദ്ദേശിക്കുകയുമാണ് ആയുഷ്യം പദ്ധതിയിലൂടെ ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നിർത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. 2019-20 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നാഷണൽ ആയുഷ് മിഷൻ മുഖേന പ്രസ്തുത പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ